**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1304 13.07.2016 ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ**

ചോദ്യം ഉത്തരം

ശ്രീ. എ.എം.ആരിഫ് ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; കൊച്ചി മെട്രോ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; കൊച്ചിയിലേക്ക് ഏറ്റവും കൂടുതൽ യാത്രക്കാർ ഏതു പ്രദേശത്തു നിന്നാണ് എത്തുന്നതെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എറണാകുളത്തേക്ക് ഏറ്റവും കൂടുതൽ യാത്രക്കാർ എത്തുന്ന കൊച്ചിയുടെ ഉപഗ്രഹ നഗരമായ അരൂരിലേക്ക് കൊച്ചി മെട്രോ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ) | 2013 ജൂൺ മാസത്തിൽ തുടങ്ങിയ കൊച്ചി മെട്രോ നിർമ്മാണത്തിന്റെ സിവിൽ ജോലികളുടെ 73.6 ശതമാനത്തോളം 2016 മെയ് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ആദ്യ റീച്ച് (ആലുവ - പാലാരിവട്ടം) പ്രവർത്തനങ്ങൾ ഏപ്രിൽ 2017-ൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2001 ൽ റെയിൽ ഇൻഡ്യ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസ് (റൈറ്റ്സ്) നടത്തിയ ഒരു പഠന റിപ്പോർട്ടിൽ ആലുവ മുതൽ പേട്ട വരെ ഒരു മാസ്സ് റാപിഡ് ട്രാൻസ്പോർട്ട് സിസ്റ്റം (MRTS) വിഭാവനം ചെയ്തിരുന്നു. കെ.എം.ആർ.എൽ തയ്യാറാക്കിയ Comprehensive Mobility Plan പ്രകാരം കൊച്ചിയിലേക്ക് ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് അങ്കമാലി, ആലുവ ഭാഗത്തു നിന്നുമാണ്. ഫോർട്ടുകൊച്ചി, കാക്കനാട്, പറവൂർ, തൃപ്പൂണിത്തുറ തുടങ്ങിയ പ്രദേശങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ നിൽക്കുന്നത്. മെട്രോ റെയിലിന്റെ രണ്ടാം ഘട്ടം കാക്കനാട് ഭാഗത്തേക്ക് നീട്ടുവാനാണ് സംസ്ഥാന സർക്കാർ അനുമതി നൽകിയിരിക്കുന്നത്. അരൂർ ഭാഗത്തേക്ക് മെട്രോ റെയിൽ ഭാവിയിൽ പരിഗണിക്കാവുന്നതാണ്. എങ്കിലും, അരൂർ മുതൽ മൂത്തകുന്നം വരെയുള്ള NH 17/NH 47 ട്രങ്ക് റൂട്ടിൽ പ്രയോരിറ്റി ബസ്സ് കോറിഡോറിനുള്ള സാധ്യതാ പഠനം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തികൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ